തുടരെത്തുടരെ ഗവണ്മെന്റിലേയ്ക്ക് പരാതി അയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ ചില പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. സർവീസ് മെച്ചപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് കേരളാ ഹൗസ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾ സംബന്ധിച്ച നിർദ്ദേശം പരിഗണിച്ചപ്പോൾ, കാറ്ററിംഗ്, ഹൗസ് കീപ്പിംഗ്, റിസപ്ഷൻ തുടങ്ങിയ മേഖലയിൽ പുറമേയുള്ളവരെ ഏൽപ്പിച്ച് കഴിഞ്ഞിട്ട് പരിശോധിച്ച് അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 8-6-2004-ൽ സർക്കാർ റെസിഡന്റ് കമ്മിഷണർക്ക് കത്തെഴുതി. അതു സംബന്ധിച്ച മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ എൻ.ജി.ഒ. അസോസിയേഷൻ പ്രസിഡന്റിന്റെ പരാതി 30-6-2004-ൽ കേരളാ സർക്കാരിന് ലഭിച്ചു. കേരളാ ഹൗസിലെ ഈ വിഭാഗം ജീവനക്കാരുടെ പ്രതിഷേധയോഗം 7-7-2004-ൽ നടന്നു. ഈ സാഹചര്യത്തിൽ ഈ പ്രശ്നം മുന്നോട്ടുകൊണ്ടു പോകുന്നതിനു മുമ്പായി ജീവനക്കാരുമായി ആശയവിനിമയം നടത്തി ഒരു ധാരണയിൽ എത്തിയതിനുശേഷം മാത്രമേ സർവീസ് ചട്ടങ്ങളിൽ ഏത് തരത്തിലുള്ള ഭേദഗതിയും വരുത്തുകയുള്ളൂ എന്ന് ജീവനക്കാർക്ക് ഉറപ്പു നൽകാൻ ഗവണ്മെന്റിൽനിന്നും റെസിഡന്റ് കമ്മിഷണർക്ക് 8-7-2004-ൽ നിർദ്ദേശം നൽകിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രകടിപ്പിച്ച ഉൽക്കണ്ഠയ്ക്ക് കാര്യമില്ല. ഇപ്പോൾ എല്ലാം നിറുത്തിവച്ചിരിക്കുന്നു. കേരളാ ഹൗസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ജീവനക്കാരുമായി ചർച്ച നടത്തി ഒരു പൊതുധാരണയിൽ എത്തിയെങ്കിൽ മാത്രമേ ഇനി ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കൂ.

(2) കൊടകര കല്ലൂർ വില്ലേജിലെ വട്ടക്കോട് പ്രദേശത്ത് തേക്ക്, ഈട്ടി എന്നിവ മുറിക്കാൻ അനുവദിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ കല്ലൂർ വില്ലേജിൽ വട്ടക്കോട് എന്ന പ്രദേശത്ത് ഏകദേശം 124 കുടുംബങ്ങൾക്ക് 1960-ൽ ഗവൺമെന്റ് മൂന്ന് മുതൽ മൂന്നര ഏക്കർ വരെയുള്ള സ്ഥലം കൃഷി ചെയ്യുന്നതിനായി അന്ന് പതിച്ചുകൊടുത്തിരുന്നു. ആ പതിച്ചുകൊടുത്ത ഭൂമിയിൽ 1970-ലത്തെ ഗവൺമെന്റ് അവർക്ക് മുഴുവൻ പട്ടയവും നൽകി. പക്ഷേ ഈ ഭൂമി മുഴുവൻ റിസർവ് വനമായിരുന്നു. അത് ഡിസ്റിസർവ് ചെയ്തിരുന്നില്ല. അതുകൊണ്ട് അതിൽ നിൽക്കുന്ന, അവർ നട്ടുവളർത്തിയ തേക്ക്, ഈട്ടി മുതലായ മരങ്ങൾ ഇപ്പോൾ മുറിക്കാൻ സാധിക്കുന്നില്ല. വീണുകിടക്കുന്ന മരങ്ങളായാലും മുറിച്ച് മാറ്റുന്നതിന് വനംവകുപ്പ് അധികൃതർ അനുവദിക്കുന്നില്ല. അതുകൊണ്ട് ഈ ഭൂമി ഡിസ്റിസർവ് ചെയ്ത് എത്രയും വേഗത്തിൽ അവിടുത്തെ പാവപ്പെട്ട കൃഷിക്കാരന് മരം മുറിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : ഇത് 1960 കാലഘട്ടത്തിൽ Grow more food Programme-ൽ ഗവൺമെന്റ് കൃഷിക്കാർക്ക് നൽകിയിരിക്കുന്ന ഭൂമിയാണ്. 1970-ൽ പട്ടയം നൽകിയി ട്ടുണ്ട്. പക്ഷേ ഈ ഭൂമിയുടെ പട്ടയം നൽകുമ്പോഴും ഭൂമി കൃഷിക്കാർക്ക് പതിച്ചുകൊടുക്കുമ്പോഴും നിലവിലുള്ള ചട്ടങ്ങൾക്കെതിരെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർക്ക് അവകാശമില്ല. അത് സർക്കാരിൽ നിക്ഷിപ്തമാണ്. കൊടുക്കുമ്പോഴുള്ള മരത്തിന് പുറമെ കർഷകർ നട്ടുവളർത്തിയ മരമാണെങ്കിൽപ്പോലും അവർക്ക് മുറിക്കാൻ അവകാശമില്ല. സ്വത്തിനോ ജീവനോ അപകടമുണ്ടെങ്കിൽപ്പോലും ആ മരം മുറിക്കാനും അത് സർക്കാരിലേക്ക് മുതൽകൂട്ടാനുമാണ് വ്യവസ്ഥ. ഈ മരം മുറിക്കണമെങ്കിൽ Kerala Forest Preservation Reproduction and Disposal of Trees and Timber belonging to Government but grown on land in the occupation of private persons, 1975-ലെ ചട്ടങ്ങൾ അനുസരിച്ചാണ്. അവർക്ക് കൊടുത്ത പട്ടയത്തിൽ തന്നെ വ്യവസ്ഥ വച്ചിരിക്കുന്നതിൽ നമ്പർ വൺ വ്യവസ്ഥയാണിത്. അനുവദിച്ചു കിട്ടിയ സ്ഥലത്തിന് അകത്തുള്ളതും പട്ടയത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വനവൃക്ഷങ്ങളുടെയും പൂർണ്ണഅവകാശം വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതും ആ ഭൂമിയിൽ പതിച്ചുകൊടുക്കുന്ന സമയത്തുള്ളതോ അതിനുശേഷം ഉണ്ടാകുന്നതോ ആയ എല്ലാ വൃക്ഷങ്ങളും സംരക്ഷിക്കാൻ പതിച്ചു കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ മുറിക്കാനും ഉപയോഗിക്കാനും അവർക്ക് അവകാശമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് അവിടുത്തെ മാത്രം പ്രശ്നമല്ല. അത് മലയോര പ്രദേശത്തെ ആയിരക്കണക്കിന് കർഷകരെ ബാധിക്കുന്ന പ്രശ്നമാണ്. ഇടുക്കിയിലെ എല്ലാ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.മാരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ്. ഇത് അനുചിതമാണ്. നിലവിലുള്ള ചട്ടങ്ങൾ അനുചിതമാണ് എന്നതിൽ ഗവൺമെന്റിന് സംശയമില്ല. ന്യായമായ അവകാശമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഭൂമി ഡിസ്റിസർവ് ചെയ്യാനുള്ള നടപടികൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ക്യാബിനറ്റ് അനുമതിയോടുകൂടി ഗവൺമെന്റ് അനന്തര നടപടികൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(3) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ കിണറിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണം

ശ്രീ. പി. നാരായണൻ: സർ, വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായി 12.35 ലക്ഷം രൂപ മുതൽമുടക്കി നടത്തുന്ന കിണറിന്റേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവർത്തനം നടന്നുവരവെ കിണറിന്റെ പ്രവർത്തനം ഇടക്കാലത്ത് പലവട്ടം സ്തംഭിച്ചുപോയി. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ഗൗരവം മനസ്സിലാക്കി വീണ്ടും ഉദ്യോഗസ്ഥൻ മാരുടെ യോഗം വിളിച്ചുകൂട്ടി അടിയന്തിരമായി വർക്ക് ചെയ്തു തീർക്കുവാൻ വേണ്ടി നിർദ്ദേശം കൊടുത്തിരുന്നു. എന്നിട്ട് 8 മാസം കഴിഞ്ഞിട്ടും

LIBRARY ARCHIVES Kerala Legislative Assembly